"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- എഞ്ചിനിയറിംഗ് വിഭാഗം- കോഴിക്കോട് ജില്ലയിലെ കിഴക്കോത്ത് ഗ്രാമപഞ്ചായത്ത് ഓഫീസിൽ ചരിച്ചിപ്പറമ്പ്-പൂവ്വത്തൊട്ടക റോഡിന്റെ ടാറിംഗ്, കോൺക്രീറ്റ് പ്രവൃത്തിയുമായി ബന്ധപ്പെട്ട് വിജിലൻസ് നടത്തിയ മിന്നൽപരിശോധന-ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂഎ) വകുപ്പ്**

സ.ഉ.(സാധാ) നം.230/2026/LSGD    തീയതി,തിരുവനന്തപുരം, 29-01-2026

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 29.05.2023-ലെ E13-(SC-16/2023/NRK)10403/2023/DVACB നമ്പർ കത്ത്
2. വിജിലൻസ് (ഡി) വകുപ്പിന്റെ 19.02.2024-ലെ വിജി-ഡി2/342/2023-വിജി നമ്പർ കത്ത്.
3. 22.06.2024-ലെ EWA2/19/2024-LSGD നമ്പർ കുറ്റപത്രം / കുറ്റാരോപണപത്രിക.
4. അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി ജീന കെ. 29.07.2024 തീയതിയായി സമർപ്പിച്ച പ്രതിവാദപത്രിക
5. ഓവർസിയർ ശ്രീമതി ഷമീന കെ.കെ. 29.07.2024 തീയതിയായി സമർപ്പിച്ച പ്രതിവാദപത്രിക
6. പ്രിൻസിപ്പൽ ഡയറക്ടറുടെ 03.11.2024-ലെ LSGD/PD/21089/2024-VIGD4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലയിലെ കിഴക്കോത്ത് ഗ്രാമപഞ്ചായത്ത് ഓഫീസിൽ ചരിച്ചിപ്പറമ്പ്-പൂവ്വത്തൊട്ടക റോഡിന്റെ ടാറിംഗ്, കോൺക്രീറ്റ് പ്രവൃത്തിയുമായി ബന്ധപ്പെട്ട് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ കാസർഗോഡ് യൂണിറ്റ് മിന്നൽ പരിശോധന നടത്തുകയും പരാമർശം (1), (2) പ്രകാരം വിജിലൻസ് ഡയറക്ടർ വിജിലൻസ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കുകയുമുണ്ടായി. വിജിലൻസ് കണ്ടെത്തിയ ക്രമക്കേടുകൾ ചുവടെ ചേർക്കുന്നു:-

i. 746 $m^2$ ഐറിഷ്ഡ്രെയിൻ ചെയ്തതിൽ പ്രഥമദൃഷ്ട്യാ ഗുണനിലവാരമില്ലായ്മ കാണപ്പെടുന്നുണ്ട്. തൊഴിലാളികളുടെ നൈപുണ്യമില്ലായ്മ പ്രവൃത്തിയിൽ കാണപ്പെടുന്നുണ്ട്.

ii. IRC കോഡിൽ നിഷ്കർഷിച്ച പ്രകാരം നിർമ്മാണ സാമഗ്രികൾ ക്വാളിറ്റി കൺട്രോൾ പരിശോധനയ്ക്ക് വിധേയമാക്കുകയോ ഗുണനിലവാരം തിട്ടപ്പെടുത്തുകയോ ചെയ്തിട്ടില്ല.

2. വിജിലൻസ് ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് നിശ്ചിത ഗുണനിലവാരം ഉറപ്പുവരുത്താത്തതിനും പ്രവൃത്തിയുടെ മേൽനോട്ടക്കുറവിനും അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി ജീന കെ., ഓവർസിയർ ശ്രീമതി ഷമീന കെ.കെ. എന്നിവർക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 16 പ്രകാരം ലഘുശിക്ഷയ്ക്കുള്ള അച്ചടക്കനടപടി ആരംഭിച്ച് പരാമർശം (3) പ്രകാരം കുറ്റപത്രം / കുറ്റാരോപണപത്രിക എന്നിവ നൽകുകയുണ്ടായി.

3. അസിസ്റ്റന്റ് എഞ്ചിനീയർ **ശ്രീമതി ജീന കെ., ഓവർസിയർ ശ്രീമതി ഷമീന കെ.കെ.** എന്നിവർ പരാമർശം (4), (5) പ്രകാരം ലഭ്യമാക്കിയ **പ്രതിവാദപത്രികയിൽ,** Bitumen Extraction Test, Concrete Cube Test എന്നിവ നടത്തുവാനും അതത് സമയത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ആവശ്യപ്പെടുമ്പോൾ ഹാജരാക്കുവാനുമുള്ള നിർദ്ദേശം കരാറുകാരന് തുടക്കത്തിലേ നൽകിയിരുന്നുവെന്നും ആദ്യഘട്ട ടാറിങ് പ്രവൃത്തിയിൽ Bitumen Extraction Test നടത്തി ഗുണനിലവാരമുണ്ടെന്നുള്ള സർട്ടിഫിക്കറ്റ് ലഭ്യമാക്കി ബന്ധപ്പെട്ട ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെന്നും രണ്ടാംഘട്ടത്തിൽ Concrete Cube Test റിസൽട്ട് പ്രകാരം ആവശ്യമായ ഗുണനിലവാരമില്ല എന്ന് കണ്ടെത്തിയതിനെത്തുടർന്ന് പ്രസ്തുതഭാഗങ്ങൾ പൊളിച്ചുമാറ്റി ചെയ്യുന്നതിനുള്ള നിർദ്ദേശം എക്സിക്യൂട്ടീവ് എഞ്ചിനീയർ കരാറുകാരന് നേരിട്ട് നല്കിയിട്ടുണ്ടെന്നും അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും രേഖാമൂലം കത്ത് നല്കിയിട്ടുണ്ടെന്നും ആയത്പ്രകാരമുള്ള Rectification പ്രവൃത്തികൾ കരാറുകാരൻ നടപ്പിലാക്കാത്തതിനാലാണ് പ്രവൃത്തി പ്രതിസന്ധിയിലകപ്പെട്ടതെന്നും സർക്കാരിന് നഷ്ടം സംഭവിച്ചിട്ടില്ലാത്തതിനാലും മന:പൂർവമുള്ള വീഴ്ച തങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ലാത്തതിനാലും കുറ്റാരോപണത്തിൽ നിന്നും ഒഴിവാക്കണമെന്നും അഭ്യർത്ഥിച്ചിരിക്കുന്നു.

**4. പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (6) പ്രകാരം ലഭ്യമാക്കിയ അഭിപ്രായക്കുറിപ്പിൽ,** മേൽപ്രവൃത്തിയുടെ നിർമ്മാണവേളയിൽ കൃത്യമായ സൈറ്റ് സൂപ്പർവിഷൻ നടത്തുന്നതിൽ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി ജീന കെ., ഓവർസിയർ ശ്രീമതി ഷമീന കെ.കെ. എന്നിവരുടെ ഭാഗത്തു നിന്നും വീഴ്ച ഉണ്ടായിട്ടുണ്ടെന്നും കുറ്റാരോപണത്തിൽ പറഞ്ഞ 746 $m^2$ Irish Drain Concrete-ന്റെ Measurement എം.ബുക്കിൽ രേഖപ്പെടുത്തുകയോ ബിൽതുക കരാറുകാരന് നൽകുകയോ ചെയ്തിട്ടില്ലാത്തതിനാൽ സർക്കാരിന് നഷ്ടം സംഭവിച്ചിട്ടില്ലെന്നും അറിയിച്ചിരിക്കുന്നു.

5 . വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപിതരുടെ പ്രതിവാദപത്രിക, പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായക്കുറിപ്പ് എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽപ്രവൃത്തിയിൽ നിർമ്മാണവേളയിൽ കൃത്യമായ സൈറ്റ് സൂപ്പർവിഷൻ നടത്തുന്നതിൽഅസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി ജീന കെ., ഓവർസിയർ ശ്രീമതി ഷമീന കെ.കെ. എന്നിവരുടെ ഭാഗത്ത് വീഴ്ചയും കൃത്യവിലോപവും ഉണ്ടായിട്ടുണ്ട് എന്ന് ബോധ്യപ്പെടുന്നു. ആയതിനാൽ കോഴിക്കോട് ജില്ലയിലെ കിഴക്കോത്ത് ഗ്രാമപഞ്ചായത്തിൽ ചരിച്ചിപ്പറമ്പ്-പൂവ്വത്തൊടുക റോഡിന്റെ ടാറിംഗ്, കോൺക്രീറ്റ്

പ്രവൃത്തിയുമായി ബന്ധപ്പെട്ട വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി ജീന കെ. (PEN-522991), ഓവർസിയർ ശ്രീമതി ഷമീന കെ.കെ. (PEN-438281) എന്നിവർക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം ആരംഭിച്ച അച്ചടക്കനടപടി, അതേ ചട്ടങ്ങളിലെ ചട്ടം 11(1)(iii) പ്രകാരം ടിയാളുകളുടെ ഒരു വാർഷിക വേതനവർദ്ധനവ് സഞ്ചിതഫലമില്ലാതെ ഒരു വർഷത്തേയ്ക്ക് തടയുക എന്ന ശിക്ഷ നൽകിക്കൊണ്ട് തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

DIPUKUMAR S L

അണ്ടർ സെക്രട്ടറി

1. ശ്രീമതി ജീന കെ. (PEN-522991), അസിസ്റ്റന്റ് എഞ്ചിനീയർ
2. ശ്രീമതി ഷമീന കെ.കെ. (PEN-438281), ഓവർസിയർ
   **(1, 2 ത.സ്വ.ഭ.വ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**
3. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. **(ഈ ഉത്തരവ് പ്രകാരമുള്ള തുടർനടപടികൾ അടിയന്തരമായി നടപ്പാക്കുന്നതിനായി)**
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരള
5. തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.ബി) വകുപ്പ്
6. വിജിലൻസ് (ഡി) വകുപ്പ് (18.02.2025 തീയതിയിലെ VIG-D2/160/2023-VIG പ്രകാരം)
7. വെബ് & ന്യൂ മീഡിയ,വിവര പൊതുജനസമ്പർക്ക വകുപ്പ്
8. സ്റ്റോക്ക് ഫയൽ (EWA2/19/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 30-01-2026 13:27:01

സെക്ഷൻ ഓഫീസർ